## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 283 — 13-03-2017 ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

| | | | |
|---|---|---|---|
| | **ശ്രീ.സി.കെ.ശശീന്ദ്രൻ**<br>**ശ്രീ.കെ.ദാസൻ**<br>**ശ്രീ.എം.രാജഗോപാലൻ**<br>**ശ്രീ.പി.ഉണ്ണി** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാനത്തെ പ്രവർത്തന പുരോഗതി അറിയിക്കാമോ; | (എ) | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്ത് സാമ്പത്തിക വർഷം നാളിതുവരെ 32.15 ലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. നാളിതുവരെ 14.21 ലക്ഷം കുടുംബങ്ങൾക്കായി 587.98 ലക്ഷം തൊഴിൽദിനങ്ങൾ സംസ്ഥാനത്ത് സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത തൊഴിൽ ദിനങ്ങൾ 941 ഗ്രാമ പഞ്ചായത്തുകളിലെയും 3.22 ലക്ഷം പ്രവൃത്തികളിലേക്കാണ് വിനിയോഗിച്ചിട്ടുള്ളത്.ആരംഭിച്ച പ്രവൃത്തികളിൽ 1.19 ലക്ഷം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുമുണ്ട് |
| ബി) | പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യത ഉറപ്പ് വരുത്തുന്നതിനും ഗുണനിലവാരത്തെക്കുറിച്ച് സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനും ഉള്ള സംവിധാനം എന്താണ്; | (ബി) | പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യത ഉറപ്പ് വരുത്തുന്നതിന് കേന്ദ്ര സർക്കാർ ഒരു മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം ഒരുക്കിയിട്ടുണ്ട്. കൂടാതെ ഓരോ തൊഴിൽ സ്ഥലത്തും തൊഴിലിനെ സംബന്ധിക്കുന്ന വിവരങ്ങൾ അടങ്ങുന്ന ബോർഡ് എല്ലാ പൗരന്മാർക്കും വായിക്കാൻ പാകത്തിൽ പ്രദർശിപ്പിക്കുന്നതിന് നിർദേശിച്ചിട്ടുണ്ട്.അതോടൊപ്പം പദ്ധതി പ്രകാരം ഓരോ വാർഡിലും അനുവദിക്കപ്പെട്ട എല്ലാ പ്രവൃത്തികളും പരിശോധിക്കുന്നതിനായി ഒരു പ്രാദേശിക സമിതി ഉണ്ടായിരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രവൃത്തി സ്ഥലത്ത് മസ്റ്റർറോൾ, പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എന്നീ പ്രധാനപ്പെട്ട രേഖകൾ ബഹുജനങ്ങൾക്കു പരിശോധിക്കുന്നതിന് അവസരം ഉണ്ടായിരിക്കുന്നതാണ്. സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിലെ എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിന് ഒരു സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് യൂണിറ്റ് സംസ്ഥാന സർക്കാർ രൂപീകരിച്ച് |

| | | | |
|---|---|---|---|
| | | | സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുണ്ട് |
| (സി) | പദ്ധതി പ്രകാരം നിലവിൽ ഏതു തരത്തിലുള്ള പ്രവൃത്തികളാണ് ഏറ്റെടുക്കുന്നതെന്നും ആസ്തി നിർമ്മാണ പ്രവൃത്തികൾക്ക് പ്രാധാന്യം നൽകികൊണ്ട് വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത നടത്താൻ സാധ്യമാകുമോ എന്നും അറിയിക്കാമോ? | (സി) | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാവശ്യപ്പെടുന്ന ഏതൊരു ഗ്രാമീണ കുടുംബത്തിനും ചുരുങ്ങിയത് നൂറു ദിവസം അവിദഗ്ധ കായിക തൊഴിൽ നൽകുന്നതിനോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉത്പാദനക്ഷമവുമായ ആസ്ഥികളുടെ സൃഷ്ടിയും ലക്ഷ്യമിടുന്നു. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനു ഈടുറ്റതും കാണാൻ കഴിയുന്നതും അളക്കുവാൻ കഴിയുന്നതും ആവർത്തന സ്വഭാവമില്ലാത്തതുമായ പ്രവൃത്തികൾ പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മുൻവർഷത്തെ സാധനസാമഗ്രികളുടെ ചെലവിനേക്കാൾ കൂടുതൽ തോതിൽ നടപ്പ വർഷം ചെലവ് രേഖപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ